17

# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1465 11.08.2017-ൽ മറുപടിയ്ക്ക്.

## ജനകീയാസൂത്രണത്തിന്റെ തുടർച്ചയും വികാസവും

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജനകീയാസൂത്രണത്തിന്റെ തുടർച്ചയും വികാസവും പാലിച്ചുപോരുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത് ; | (എ) | ജനകീയാസൂത്രണം 1996-97 മുതലുള്ള തുടർ പ്രക്രിയയാണ്. ഇതിന്റെ തുടർച്ചയും വികാസവും ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങളാണ് ഓരോ പദ്ധതിക്കാലയളവിലും നടത്തി വരുന്നത്. അതിന്റെ ഭാഗമായി സമയബന്ധിത ആസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാകുന്നതിനും നഷ്ടപ്പെട്ടുപോയ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യം വച്ചുകൊണ്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളാണ് 13-ാം പഞ്ചവത്സരപദ്ധതിയിലും പുറപ്പെടുവിച്ചിട്ടുള്ളത്.<br>ഓരോ വികസന മേഖലയിലെയും നിലവിലുള്ള പ്രശ്നങ്ങൾ വിശകലനം ചെയ്ത് വികസന കാഴ്ചപ്പാട്, നയസമീപനം, തന്ത്രം എന്നിവ രൂപപ്പെടുത്തി പ്രോജക്ടുകൾ രൂപപ്പെടുത്തുന്ന രീതിയാണ് അവലംബിക്കുന്നത്. അതോടൊപ്പം സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം. ഇത്തരത്തിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് സുസ്ഥിര വികസനം ഉറപ്പാക്കുകയാണ് ലക്ഷ്യം. കൂടാതെ |

| | | | |
|---|---|---|---|
| | | | മിഷൻ പ്രവർത്തനങ്ങൾ പ്രാദേശിക പദ്ധതികളുമായി സംയോജിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ വിളകളുടെ വിള വിസ്തൃതിയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകി ഒരു നിശ്ചിത കാലാവധിക്കുള്ളിൽ കാർഷികോല്പന്നങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ഉദ്ദേശ്യത്തോടെ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും ലക്ഷ്യമിട്ടുന്നുണ്ട്. |
| **(ബി)** | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | **(ബി)** | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത് കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും പദ്ധതിയുടെ ഭാഗമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. താഴെ തലത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നത് ഏകോപിച്ചുള്ള പ്രവർത്തനങ്ങളിലൂടെയാണ്. ഈ വിഷയത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ വഴി നൽകിയിട്ടുണ്ട്. |
| **(സി)** | ആയതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജനകീയ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ആയത് ഏത് രീതിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | **(സി)** | പ്രാദേശികമായി മോണിറ്ററിംഗ് സംവിധാനം ഇപ്പോൾ നിലവിലുണ്ട്. ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും വിവിധ വകുപ്പുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ പദ്ധതി പുരോഗതി അവലോകനം ചെയ്യുകയും ഏകോപിപ്പിക്കുകയും ചെയ്യാറുണ്ട്. ജില്ലാ ആസൂത്രണസമിതികൾ ഇക്കാര്യം മോണിറ്റർ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ